പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2019 17.03.2015-ൽ മറുപടിയ്ക്ക്

## അന്വേഷണം നേരിടുന്ന സ്പോർട്സ് കൗൺസിൽ അഫിലിയേറ്റഡ് ഭാരവാഹികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള അസോസിയേഷനുകളുടെ സംസ്ഥാന ഭാരവാഹികളിൽ ആരെങ്കിലും വിവിധ ചാമ്പ്യൻഷിപ്പുകൾ നടത്തിയതിൽ സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകളിൽ കേരള സ്റ്റേറ്റ് വോളീബോൾ അസോസിയേഷൻ സെക്രട്ടറി പ്രൊഫ.നാലകത്ത് ബഷീർ, ടി സംഘടനയുടെ ട്രഷററായ ശ്രീ.ആർ.രാമചന്ദ്രൻ നായർ എന്നിവർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അവരുടെ പേര് വിവരം വിശദമാക്കാമോ; | |
| (സി) വിജിലൻസ് അന്വേഷണം നേരിടുന്നതും കുറ്റപത്രം നൽകിയതുമായ പ്രസ്തുത വ്യക്തികളെ തൽസ്ഥാനത്ത് നിന്ന് മാറ്റി നിർത്തിയാണോ അന്വേഷണം നടത്തുന്നതെന്ന കാര്യം വ്യക്തമാക്കാമോ; | (സി) മാറ്റി നിർത്തിയിട്ടില്ല. |

(ഡി) ദേശീയ ഗെയിംസ് നടത്തിപ്പുമായുള്ള സാമ്പത്തിക ക്രയവിക്രയങ്ങൾ ഈ ഭാരവാഹികൾ മുഖേന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) കേരള വോളീബോൾ അസോസിയേഷനാണ് സംസ്ഥാന ടീമിന്റെ കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിച്ചത്. ടി ആവശ്യത്തിനായി 9,96,000/- രൂപയും ടീമിന്റെ പോക്കറ്റ്മണിയായി 88,000/- രൂപയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ടി സംഘടനകൾക്ക് അനുവദിച്ചിട്ടുണ്ട്. സംഘടനയുടെ ഭാരവാഹികൾ എന്ന നിലയ്ക്ക് ടി വ്യക്തികൾ ഇതിനോട് ബന്ധപ്പെട്ടിട്ടുണ്ട്.

(ഇ) കുറ്റാരോപിതരായ ഇവർക്കെതിരെ സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(ഇ) വിജിലൻസ് അന്വേഷണം നടന്നുവരുന്നതേയുള്ളൂ. അസോസിയേഷൻ ഭാരവാഹികൾ സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലല്ല, അതിനാൽ അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ